“കുറ്റവാളികളെ തിരുത്താം–
കുറ്റകൃത്യങ്ങൾ കുറയ്ക്കാം”

കേരളസർക്കാർ

## സാമൂഹ്യ നീതി വകുപ്പ്





**നവംബർ 15**

# “നല്ല നടപ്പ് ദിനം”

(വി.ആർ. കൃഷ്ണയ്യർ ജന്മദിനം)

സംസ്ഥാനതല ഉദ്ഘാടനം :

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

ബഹു. ആരോഗ്യവും, സാമൂഹ്യനീതിയും
വനിത ശിശു വികസനവും വകുപ്പ് മന്ത്രി

തീയതി : 2019 നവംബർ 15 ഉച്ചയ്ക്ക് ശേഷം 2.00 മണി
സ്ഥലം : ഇ.എം.എസ് ഹാൾ (ജില്ലാ പഞ്ചായത്ത്)
പട്ടം, തിരുവനന്തപുരം

മാന്യരെ,

ശിക്ഷാ സമ്പ്രദായങ്ങളിൽ ഏറ്റവും ആധുനിക രീതികളിലൊന്നാണ് പ്രൊബേഷൻ അഥവാ നല്ലനടപ്പ് സംവിധാനം. 1958-ലെ നല്ലനടപ്പ് നിയമമാണ് ഇന്ത്യയിൽ പ്രൊബേഷൻ സംവിധാനത്തിന്റെ അടിസ്ഥാനം. 1960-ൽ കേരളത്തിൽ നല്ലനടപ്പ് ചട്ടങ്ങളും നിലവിൽ വന്നു. കൂടാതെ കുട്ടികളുടെ പ്രൊബേഷൻ രീതികൾ കാര്യക്ഷമമാക്കുന്നതിനായി ബാലനീതി നിയമവും യുവജനങ്ങളുടെ നല്ലനടപ്പിനായി കേരള ബോസ്റ്റൽസ്കൂൾ നിയമവും നിലവിലുണ്ട്. 18 വയസ്സിനു മുകളിലുള്ളവരുടെ നല്ലനടപ്പ് വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ മുന്നോട്ടു പോവുന്ന കാഴ്ചയായിരുന്നു കേരളത്തിലുള്ളത്.

ജുഡീഷ്യറി, പോലീസ്, ജയിൽ, പ്രോസിക്യൂഷൻ, സാമൂഹ്യ നീതി തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനവും സാമൂഹ്യ ശാസ്ത്ര-മനശാസ്ത്ര- സാങ്കേതിക മേഖലകളുടെ ഇടപെടലും ശക്തമാക്കുന്നതിലൂടെ മാത്രമേ നല്ലനടപ്പ് സംവിധാനത്തെ പുനരുജ്ജീവിപ്പിക്കാൻ കഴിയുകയുള്ളൂ. ഇതിനായി ഒരു ദിനം കേരളത്തിൽ പുതുതായി ആരംഭിക്കുകയാണ്. ഭരണ-നീതിന്യായ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ ജന്മദിനമായ നവംബർ 15 ആണ് പ്രൊബേഷൻ ദിനമായി കേരളം ആഘോഷിക്കുന്നത്.

പ്രൊബേഷൻ ദിനത്തിന്റെയും അനുബന്ധപരിപാടികളുടെയും സംസ്ഥാനതല ഉദ്ഘാടനം 2019 നവംബർ 15 ഉച്ചയ്ക്ക് ശേഷം 2 മണിയ്ക്ക് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കെട്ടിടത്തിലെ ഇ.എം.എസ് ഹാളിൽ ബഹു. എം.എൽ.എ ശ്രീ. വി.കെ. പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രി **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** നിർവ്വഹിക്കുന്നു. പ്രസ്തുത പരിപാടിയിലേക്ക് ഏവരെയും ക്ഷണിച്ചുകൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

**ഡോ. ഷർമിള മേരി ജോസഫ്** IAS
സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്

**ശ്രീമതി. ഷീബ ജോർജ്ജ്** IAS
ഡയറക്ടർ
സാമൂഹ്യനീതിവകുപ്പ്

സാമൂഹ്യ നീതി വകുപ്പ്

## കാര്യപരിപാടി

സ്വാഗതം : **ഡോ. ഷർമിള മേരി ജോസഫ്** IAS
സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

അദ്ധ്യക്ഷൻ : **ശ്രീ. വി.കെ. പ്രശാന്ത്**
ബഹു. MLA

ഉദ്ഘാടനം : **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
ബഹു. ആരോഗ്യവും, സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി

"നേർവഴി" പുസ്തക
പ്രകാശനം : **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
ആരോഗ്യവും, സാമൂഹ്യ നീതിയും
വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി

പുസ്തകം
ഏറ്റുവാങ്ങുന്നത് : **ശ്രീ. ആലങ്കോട് ലീലാകൃഷ്ണൻ**
പ്രശസ്ത കവി, നിരൂപകൻ

'സുനീതി' ത്രൈമാസ
വാർത്താ പത്രിക
പ്രകാശനം : **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
ആരോഗ്യവും, സാമൂഹ്യ നീതിയും
വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി

'സുനീതി'
ഏറ്റുവാങ്ങുന്നത് : **ശ്രീ. വി. കെ. മധു**
ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്,
തിരുവനന്തപുരം

കവി ഷബീർ അലിക്കും
മലപ്പുറം ജില്ല പ്രൊബേഷൻ
ഓഫീസിനും
ഉള്ള ആദരം : **ശ്രീ. കെ. ശ്രീകുമാർ**
ബഹു. മേയർ, തിരുവനന്തപുരം

വി. ആർ. കൃഷ്ണയ്യർ
അനുസ്മരണ
പ്രഭാഷണം : **ശ്രീ. കെ.ടി. നിസാർ അഹമ്മദ്**
ബഹു. ജില്ലാ ജഡ്ജ് & മെമ്പർ സെക്രട്ടറി, KELSA

## സാമൂഹ്യ നീതി വകുപ്പ്

ലഘുലേഖ പ്രകാശനം : **അഡ്വ. രാഖി രവികുമാർ**
ബഹു. ഡപ്യൂട്ടി മേയർ,
തിരു. കോർപ്പറേഷൻ

ലഘുലേഖ ഏറ്റുവാങ്ങുന്നത് : **ശ്രീമതി. ജൂബിയ. എ**
ബഹു. സബ് ജഡ്ജ് & സെക്രട്ടറി DLSA,
തിരുവനന്തപുരം

വയനാട് ജില്ല പ്രൊബേഷൻ ഓഫീസ് തയ്യാറാക്കിയ Audio- CD പ്രകാശനം : **ശ്രീമതി ബി.സന്ധ്യ** IPS
ബഹു ADGP

Audio- CD ഏറ്റുവാങ്ങുന്നത് : **ശ്രീ. എസ്. സന്തോഷ്**
ബഹു. DIG പ്രിസൺസ്

ആശംസ : **പ്രൊഫ. ജേക്കബ് ജോർജ്ജ്**
സംസ്ഥാന പ്രൊബേഷൻ ഉപദേശക സമിതി അംഗം

സാന്നിദ്ധ്യം : **ശ്രീ. സുഭാഷ് കുമാർ. കെ.വി**
(അസി. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്)

**ശ്രീ. ഏലിയാസ് തോമസ്**
(ജില്ലാ പ്രൊബേഷൻ ഓഫീസർ, തിരുവനന്തപുരം)

നന്ദി : **ശ്രീമതി. ഷീബ ജോർജ്** IAS
ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ ജീവിതത്തെ ഉപജീവിച്ച്
അഡ്വ. കെ. വി. പ്രകാശ് ഒരുക്കിയ
ഇതിഹാസം ഈ ജീവിതം (Life a saga)
എന്ന ഡോക്യുമെന്ററി പ്രദർശനം

SOCIAL JUSTICE DEPARTMENT
care, protection & empowerment

PROBATION BRANCH
SOCIAL JUSTICE DEPARTMENT - KERALA